# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് – തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം, 08-08-2012

# അൺ-എയ്ഡഡ് മേഖലയിൽ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിച്ച ഉത്തരവ് റദ്ദുചെയ്യണം

**കെ.എസ്.ടി.എ**

**പുതിയതായി ഹയർസെക്കന്ററി സ്കൂളുകളും ബാച്ചുകളും അൺ-എയ്ഡഡ് മേഖലയിൽ അനുവദിച്ച തീരുമാനം റദ്ദുചെയ്യണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. അൺ-എയ്ഡഡ് മേഖലയിൽ 461 ഹയർസെക്കന്ററി സ്കൂളുകൾ ഇപ്പോൾ നിലവിലു്. ഇതിനുപുറമെയാണ് പുതിയ സ്കൂളുകൾ അനുവദിച്ചിരിക്കുന്നത്. കുട്ടികളുടെ കുറവുമൂലം ബാച്ചുകൾ നഷ്ടപ്പെട്ട നൂറിലധികം ഹയർസെക്കന്ററി സ്കൂളുകൾ ഇവിടെയു്. സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടാനാണ് കുട്ടികൾ ആഗ്രഹിക്കുന്നത്. അതിനുള്ള അവസരം സൃഷ്ടിക്കാതെ ഫീസുകൊടുത്ത് പഠിക്കുന്ന വിദ്യാലയങ്ങൾ ആരംഭിക്കുന്നത് വിദ്യാഭ്യാസ കച്ചവടക്കാർക്കുവേിയാണ്. സ്കൂൾ വിദ്യാഭ്യാസം സ്വാശ്രയവൽക്കരിച്ച് കച്ചവടക്കാരുടെ കൈകളിലേൽപ്പിക്കാനുള്ള നീക്കം ശക്തമായിരിക്കുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാരും സർക്കാരും തമ്മിലുള്ള ഒത്തുകളിയാണ് ഇതിലൂടെ പുറത്തുവന്നിരിക്കുന്നത്. സ്വകാര്യ സി.ബി.എസ്.ഇ മാനേജ്മെന്റുകൾക്കുവേി ഏകജാലക പ്രവേശനം അട്ടിമറിക്കുകയും പ്രവേശനം നിഷേധിക്കപ്പെട്ട കുട്ടികളെ അൺ-എയ്ഡഡ് സ്കൂളുകളിൽ പോകാൻ നിർബന്ധിക്കുകയും ചെയ്യുന്ന നയം തിരുത്തണം. 12-ാംതരം വരെ കേരളത്തിൽ നിലനിൽക്കുന്ന സൗജന്യ വിദ്യാഭ്യാസത്തെ ഘട്ടംഘട്ടംമായി നിർത്തലാക്കാനുള്ള നീക്കം അനുവദിക്കില്ലെന്ന് കെ.എസ്.ടി.എ ജനറൽ സെക്രട്ടി എം.ഷാജഹാൻ പ്രസ്താവനയിൽ പറഞ്ഞു.**

**എം.ാജഹാൻ**
ജനറൽ സെക്രട്ടറി